ഉത്തരം

(എ) സംസ്ഥാനത്ത് ഉദ്ദേശം 7654 ആനകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. 2002-ൽ നടത്തിയ വന്യജീവി സെൻസസ് അനുസരിച്ച് 8939 കാട്ടാനകളും 715 നാട്ടാനകളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) 20 എണ്ണം.

(സി) പീഡനമേറ്റ് ചരിഞ്ഞ ആനകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ക്യാപ്റ്റീവ് എലിഫന്റ്സ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾസ്-2003 നിലവിൽ വന്നതിനുശേഷം പീഡനമേറ്റ് 3 ആനകൾ ചരിഞ്ഞതിന് കേസെടുത്തിട്ടുണ്ട്.

(ഡി) 3582.28 കി.ഗ്രാം ആനക്കൊമ്പ് വനം വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ ഉണ്ട്. ആനക്കൊമ്പിന്റെ വിപണനം നിരോധിച്ചിരിക്കുന്നതിനാൽ വില നിശ്ചയിക്കുവാൻ സാധ്യമല്ല.

(ഇ) 15 കേസുകൾ. കേസുകൾ വിശദമായി അന്വേഷിച്ച് കോടതിയിൽ ചാർജ്ജ് ചെയ്ത് കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ശ്രദ്ധിച്ചിട്ടുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരവും, നാട്ടാനകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി 2003-ൽ ഉണ്ടാക്കിയ ക്യാപ്റ്റീവ് എലിഫന്റ്സ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾസ് പ്രകാരമുള്ള ശിക്ഷാനടപടികളാണ് നിലവിലുള്ളത്.

തടിയുടെ ഇറക്കുമതി

107 [1045] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുള്ള തടിയുടെ ഭൂരിഭാഗവും വിദേശരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുകയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഓരോ വർഷവും തടി ഇറക്കുമതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ മൂന്നു വർഷക്കാലം ഇപ്രകാരം സംസ്ഥാനത്ത് എത്ര തടി ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഒരു വർഷം ആവശ്യമായിട്ടുള്ള തടിയും ഇവിടുത്തെ ലഭ്യതയും താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്രകാരം തടി ഇറക്കുമതി ചെയ്യുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വനസമ്പത്തിന്റെയും തടിയുടെയും കാര്യത്തിൽ മുൻപന്തിയിലായിരുന്ന കേരളത്തിൽ ആവശ്യമായ തടി ഉൽപ്പാദിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ കെട്ടിട നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള തടിയുടെ ലഭ്യതയെയും ഉപയോഗത്തെയും കുറിച്ച് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് 2000-2001-ൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ തടിയുടെയും വിറകിന്റെയും ഒരു ഭാഗം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും പുറംരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മേൽപറഞ്ഞ പഠനപ്രകാരം 1981-82 മുതൽ 1985-86 വരെ മറ്റു രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്കുള്ള തടിയുടെയും വിറകിന്റെയും ഓരോ വർഷത്തേയും ശരാശരി ഇറക്കുമതി 47,000 ക്യൂബിക് മീറ്റർ ആയിരുന്നു. ഇത് 1986-87 മുതൽ 1990-91 വരെയുള്ള കാലഘട്ടത്തിൽ വർഷംതോറും 159000 ക്യൂബിക് മീറ്ററും, 1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ വർഷംതോറും 136000 ക്യൂബിക് മീറ്ററും 1996-97 മുതൽ 2000-01 വരെയുള്ള കാലയളവിൽ വർഷംതോറും 193000 ക്യൂബിക് മീറ്ററും ആയി വർദ്ധിച്ചിട്ടുണ്ട്.

ഇതിൽ 1996-97 മുതൽ 2000-01 വരെയുള്ള കാലഘട്ടത്തിൽ വിദേശ രാജ്യങ്ങളിൽനിന്നുമുള്ള ഇറക്കുമതി താഴെപ്പറയും പ്രകാരമാണ്:

1996-1997	100000 ക്യൂ. മീ.
1997-1998	128000 ,,
1998-1999	137000 ,,
1999-2000	156000 ,,
2000-2001	139000 ,,

(സി) കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്ത് ഇറക്കുമതി ചെയ്ത തടിയുടെ കണക്ക് ലഭ്യമായിട്ടില്ല.

(ഡി) മേൽ പഠനപ്രകാരം സംസ്ഥാനത്ത് 2000-2001-ൽ ആവശ്യമായിരുന്നത് 11887000 ക്യൂബിക് മീറ്റർ തടിയാണ്. എന്നാൽ കേരളത്തിലെ ഉൽപ്പാദനം 11714000 ക്യൂബിക് മീറ്റർ ആയിരുന്നു. തടി ഉൽപ്പാദനത്തിന്റെ മുന്തിയ ഭാഗവും റബ്ബർ തടിയായിരുന്നതുകൊണ്ടാണ് കനമരങ്ങൾ ഇറക്കുമതി ചെയ്യേണ്ടിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തടി ഇറക്കുമതി ചെയ്യുമ്പോൾ വനംവകുപ്പ് നികുതിയൊന്നും ഈടാക്കുന്നില്ല.

(എഫ്) തടിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് വനങ്ങളെമാത്രം ആശ്രയിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി താഴെപറയുന്ന കാര്യങ്ങൾ വനം വകുപ്പ് ഇപ്പോൾ ചെയ്യുന്നുണ്ട്.

1. വനത്തിലെ തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത കൂട്ടുന്നതിനായി നല്ലയിനം നടീൽ വസ്തുക്കൾ ഉണ്ടാക്കി ഉപയോഗിക്കുന്നു.

2. വനത്തിന് പുറത്തുള്ള സ്ഥലങ്ങളിൽ കൂടുതൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാനായി വനവൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്കും സന്നദ്ധ സംഘടനകൾക്കും നൽകുന്നു. ഇപ്രകാരം ഈ വർഷം 20 ലക്ഷം തൈകൾ നൽകിവരുന്നു. ജനങ്ങൾക്ക് ആവശ്യമുള്ള തടി അവരവരുടെ പുരയിടങ്ങളിലും ഉപയോഗരഹിതമായ പൊതുസ്ഥലങ്ങളിലും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം.

വനംവകുപ്പിലെ ഡ്രൈവർമാർക്ക് ഗ്രേഡ് പ്രമോഷൻ

108 [1046] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഡ്രൈവർമാർക്ക് ഗ്രേഡ് പ്രമോഷൻ നൽകുന്നതിന് ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; അതിൻപ്രകാരം അർഹതയുള്ള എല്ലാ ഡ്രൈവർമാർക്കും ഗ്രേഡ് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) വനം വകുപ്പിൽ ഇപ്പോൾ എത്ര വാഹനങ്ങൾ നിലവിലുണ്ട്; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള എത്ര വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്;

(ഇ) വാഹനങ്ങൾ വാങ്ങുമ്പോൾ സ്ഥിരം ഡ്രൈവർമാരുടെ തസ്തികകൂടി സൃഷ്ടിച്ചുകൊണ്ട് മാത്രമേ വാങ്ങാവൂ എന്ന സർക്കാർ ഉത്തരവ് വനം വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ;

(എഫ്) വനം വകുപ്പിലെ വാഹനങ്ങളുടെ സർക്കിൾ തലത്തിലുള്ള മേൽനോട്ടത്തിന് ഓരോ വെഹിക്കിൾ സെൽ രൂപീകരിച്ച് ഡ്രൈവർമാർക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രമോഷൻ നൽകി വെഹിക്കിൾ സൂപ്പർവൈസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly